പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5405 — 23.05.2017-ലെ മറുപടിക്ക്

## സുശീൽഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ

**ചോദ്യം**

ശ്രീ.കെ.കുഞ്ഞിരാമൻ

**ഉത്തരം**

ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സുശീൽ ഖന്ന കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അടുത്ത കാലത്ത് എന്തെങ്കിലും നടപടി സ്വീകരിക്കുകയുണ്ടായോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) യും (ബി) യും (സി) യും | സുശീൽഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. എന്നാൽ പ്രൊഫസർ. സുശീൽ ഖന്നയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് കെ.എസ്.ആർ.ടി.സിയിലെ അംഗീകൃത - രജിസ്റ്റേർഡ് തൊഴിലാളി സംഘടന നേതാക്കളുമായി 01/04/2017 ൽ ബഹു. മുഖ്യമന്ത്രി അദ്ദേഹത്തിന്റ ചേംബറിൽ വച്ച് ചർച്ചാ യോഗം വിളിച്ചു ചേർക്കുകയുണ്ടായി.<br>ടി യോഗത്തിൽ ബഹു.മുഖ്യമന്ത്രി സുശീൽ ഖന്നയുടെ നിർദ്ദേശങ്ങളുടെ പ്രസക്ത ഭാഗങ്ങൾ അവതരിപ്പിക്കുകയും തൊഴിലാളി സംഘടനാ പ്രതിനിധികളുടെ അഭിപ്രായം ആരായുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ തൊഴിലാളി സംഘടനാ നേതാക്കൾ ശുപാർശകളോട് പൊതുവായി അനുകൂലമായി പ്രതികരിച്ചു. സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരണം, ബോഡി ബിൽഡിംഗ് യൂണിറ്റുകളുടെ പ്രവർത്തനം, ജോലി ഭാരത്തിലുണ്ടാകുന്ന വർദ്ധനവ് എന്നിവയിൽ ജീവനക്കാരുടെ ആശങ്കകൾ പരിഹരിച്ചുകൊണ്ട് ശുപാർശകൾ പൂർണ്ണമായി ലഭ്യമാക്കി തുടർ ചർച്ചകൾക്കുശേഷം നടപ്പിലാക്കണമെന്നും കെ.എസ്.ആർ.ടി.സി.യെ രക്ഷിക്കുന്നതിനുള്ള നടപടികളിൽ സംതൃപ്തമായ സേവന വേതന കരാറിനു വിധേയമായി സഹകരിക്കുമെന്നും സംഘടനാ പ്രതിനിധികൾ യോഗത്തിൽ അറിയിക്കുകയുണ്ടായി. |
| (ബി) | ഈ നടപടി ട്രേഡ് യൂണിയനുകളുമായി ചർച്ച ചെയ്ത് എടുത്തിട്ടുള്ളതാണോ; വിശദാംശങ്ങൾ അറിയിക്കാമോ; | | |
| (സി) | ഇതിന്റെ അടിസ്ഥാനത്തിൽ വരുമാനം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ